ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 12-08-2026

## പ്രധാനവാർത്തകൾ

1. നീറ്റ് വിഷയമുയർത്തി പ്രതിപക്ഷം പ്രതിഷേധം തുടർന്നതോടെ പാർലമെന്റിന്റെ ഇരുസഭകളും ഇന്നും തടസ്സപ്പെട്ടു; ഉച്ചയ്ക്ക് 2 മണിയ്ക്ക് വീണ്ടും ചേരും.
2. സ്വാതന്ത്ര്യസമരത്തിന് പ്രചോദനമായ വന്ദേമാതരത്തിന്റെ ചൈതന്യം രാജ്യത്തിന്റെ സ്വത്വത്തെ ശക്തിപ്പെടുത്തുന്നതായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.
3. ജീവിതത്തിൽ കുറുക്കുവഴികൾ തേടരുതെന്നും, ആരാധിക്കുന്ന വ്യക്തികളുടെ ആത്മകഥ വായിക്കണമെന്നും യുവജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.
4. പിതൃസ്മരണയിൽ ഇന്ന് കർക്കടക വാവുബലി; ആലുവ, ശംഖുമുഖം, തിരുനാവായ, തിരുനെല്ലി അടക്കമുള്ള ബലിതർപ്പണകേന്ദ്രങ്ങളിൽ പുലർച്ചെ മുതൽ വലിയ തിരക്ക്; വൈകീട്ട് മൂന്ന് മണിവരെ തർപ്പണം തുടരും.
5. മഴക്കെടുതി മൂലമുള്ള നാശ നഷ്ടങ്ങൾ വിലയിരുത്താൻ കൃഷി മന്ത്രി ടി. സിദ്ദിഖ് ഇന്ന് തിരുവല്ലയിൽ.

RNUTVPM

6. നൈജീരിയയിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ മെഡൽവേട്ട തുടർന്ന് ഇന്ത്യ.

## പാർലമെൻറ്

നീറ്റ് വിദ്യാർത്ഥി സമരത്തിന് നേരെ നടന്ന പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളെ ചൊല്ലി പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ബഹളം രൂക്ഷമായതോടെ ഇരുസഭകളും ഉച്ചയ്ക്ക് രണ്ടു മണി വരെ നിർത്തിവച്ചു. സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റാനുള്ള, 2026 ലെ കേരള പുനർനാമകരണ ബിൽ ഇന്ന് രാജ്യസഭയിൽ അവതരിപ്പിക്കും. ബിൽ ലോക്സഭ ഇന്നലെ പാസാക്കിയിരുന്നു. ഖനികളുടെയും ധാതുക്കളുടെയും നിയന്ത്രണം സംബന്ധിച്ച ഭേദഗതി ബിൽ ലോക്സഭ  പരിഗണിക്കും.

## ഉപരാഷ്ട്രപതി

സ്വാതന്ത്ര്യസമരത്തിന് പ്രചോദനമായ വന്ദേമാതരത്തിന്റെ ചൈതന്യം രാജ്യത്തിന്റെ സ്വത്വത്തെ ശക്തിപ്പെടുത്തുന്നതായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് സാംസ്കാരിക മന്ത്രാലയം സംഘടിപ്പിച്ച 'ഹർ ഘർ തിരംഗ' ബൈക്ക് റാലി ഫ്ളാഗ്ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. ജനകീയ മുന്നേറ്റമായ 'ഹർ ഘർ തിരംഗ' പരിപാടിയിൽ എല്ലാവരും പങ്കാളികളാകണമെന്നും ഉപരാഷ്ട്രപതി അഭ്യർത്ഥിച്ചു.

PNUTVPM

## പ്രധാനമന്ത്രി - പുസ്തക പ്രകാശനം

ജീവിതത്തിൽ കുറുക്കുവഴികൾ തേടരുതെന്നും യുവാക്കൾ അവർ ആരാധിക്കുന്ന വ്യക്തികളുടെ ആത്മകഥ വായിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒരു പ്രത്യേക കാലഘട്ടത്തിലെ ചരിത്ര സംഭവങ്ങളെപ്പറ്റി അതിൽ നിന്ന് മനസിലാക്കാമെന്ന്  പ്രധാനമന്ത്രി പറഞ്ഞു. മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദിന്റെ ആത്മകഥ, 'ട്രയംഫ് ഓഫ് ദി ഇന്ത്യൻ റിപ്പബ്ലിക്: മൈ ലൈഫ്, മൈ സ്ട്രഗ്ൾസ്', ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ 14-ാമത് രാഷ്ട്രപതിയായ റാം

നാഥ് കോവിന്ദിന്റെ ബാല്യകാല അനുഭവങ്ങളും, ജീവിത പോരാട്ടങ്ങളും, പൊതുജീവിതവുമാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

## പ്രധാനമന്ത്രി -യുവാക്കൾ

രാജ്യത്തെ യുവത്വത്തെ പ്രകീർത്തിച്ച് പ്രധാനമന്ത്രി. രാജ്യത്തെ യുവത്വം ഭാവി മാത്രമല്ല. വർത്തമാനകാലത്തെ ഏറ്റവും വലിയ ശക്തിയാണെന്നും അദ്ദേഹം പറഞ്ഞു. സംവേദനക്ഷമത, സേവന മനോഭാവം, പ്രതിഭ എന്നിവയിലൂടെ അവർ ലോകമെമ്പാടും സ്വാധീനം ചെലുത്തുന്നതായി പ്രധാനമന്ത്രി എക്സിൽ കുറിച്ചു. അന്താരാഷ്ട്ര യുവജന ദിനത്തോട് അനുബന്ധിച്ചാണ് പ്രധാനമന്ത്രിയുടെ പരാമർശം.

## കർക്കടക വാവ്

കർക്കടക വാവ് ദിനത്തിൽ സംസ്ഥാനത്തെ ക്ഷേത്രങ്ങൾ ഉൾപ്പടെയുള്ള ബലിതർപ്പണ കേന്ദ്രങ്ങളിൽ വൻ തിരക്ക്. പിതൃപുണ്യം തേടി ലക്ഷ ക്കണക്കിന് വിശ്വാസികളാണ് ബലിതർപ്പണത്തിനു എത്തുന്നത്. തിരുമുല്ലവാരം മഹാവിഷ്ണു ക്ഷേത്രം, ആറന്മുള പാർഥസാരഥി ക്ഷേത്രം, പമ്പാത്രിവേണി, നാഗമ്പടം മഹാദേവർ ക്ഷേത്രം, ഭാരതപ്പുഴയിലെ സ്നാനഘട്ടങ്ങൾ, ബാവലി പുഴയോരം, തിരുനാവായ നാവാമുകുന്ദ ക്ഷേത്രം, തെക്കൻ കാശി എന്നറിയപ്പെടുന്ന തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം തുടങ്ങിയ കേന്ദ്രങ്ങളിലെല്ലാം വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരുന്നത്. മുഖ്യമന്ത്രി വി ഡി സതീശൻ എറണാകുളം നെട്ടൂർ മഹാദേവ ക്ഷേത്രത്തിൽ ബലിതർപ്പണം നടത്തി.

## കർക്കടക വാവ്- ആലുവ മണപ്പുറം (ഇൻട്രോ)

ആലുവ മണപ്പുറത്ത് കർക്കടക വാവുബലി തർപ്പണ ചടങ്ങുകൾ പുരോഗമിക്കുന്നു. ഇന്ന് വൈകിട്ട് മൂന്ന് മണി വരെയാണ് മണപ്പുറത്ത് ബലിതർപ്പണം നടക്കുക.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ....
( വോയിസ്....)

RNU TVPM

## കർക്കടക വാവ്- തിരുവനന്തപുരം (ഇൻട്രോ)

കർക്കടക വാവ് ബലിയോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. പിതൃമോക്ഷ പുണ്യം തേടി പുലർച്ചെ 2 മണി മുതൽ വിശ്വാസികൾ ബലിതർപ്പണത്തിനെത്തിയിരുന്നു.
വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....
( വോയിസ്....)

## മുഖ്യമന്ത്രി - നോർക്ക കെയർ

പ്രവാസി മലയാളികൾക്കായി നടപ്പാക്കുന്ന 'നോർക്ക കെയർ പ്ലസ് ' സമഗ്ര ആരോഗ്യ - അപകട ഇൻഷുറൻസ് പദ്ധതിയുടെ പുതിയ എൻറോൾമെൻറ് ഘട്ടത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ ഈ മാസം 18 ന് നിർവഹിക്കും. സെപ്റ്റംബർ 18 വരെ പദ്ധതിയിൽ അംഗമാകാൻ അവസരമുണ്ട്. 2026 മാർച്ചിൽ ആരംഭിച്ച നോർക്ക കെയർ പ്ലസിൽ ഏപ്രിലിൽ വരെ 32,000 പ്രവാസി കുടുംബങ്ങൾ അംഗങ്ങളായി.

RNUTVPM

## രാഷ്ട്രപതി

2024, 2025 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും അവാർഡുകളും രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. 115 കലാകാരന്മാർക്കാണ് പുരസ്കാരം നൽകുന്നത്. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും സഹമന്ത്രി റാവു ഇന്ദർജിത് സിംഗും പങ്കെടുക്കും.

## രാജ്നാഥ്- ഡോ. വിക്രം സാരാഭായി

ഇന്ത്യൻ ബഹിരാകാശ പദ്ധതികളുടെ പിതാവ് ഡോ. വിക്രം സാരാഭായി യുടെ ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലിയർപ്പിച്ച് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഡോ. സാരാഭായിയുടെ ദർശനവും ശാസ്ത്രചിന്തയു മാണ് ഇന്ത്യൻ ബഹിരാകാശ മുന്നേറ്റത്തിന് അടിത്തറ പാകിയതെന്ന് അദ്ദേഹം സ്മരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യ-യുഎസ് നാവികസേന

ഇന്ത്യ-യുഎസ് നാവികസേനകളുടെ സംയുക്ത അഭ്യാസപ്രകടനം തുടരുന്നു. കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിലാണ് സ്ഫോടക വസ്തു നിർവീര്യമാക്കൽ അഭ്യാസം മൂന്നാം ദിവസം പുരോഗമിക്കുന്നത്. തിങ്കളാഴ്ച ആരംഭിച്ച ഇ.ഒ.ഡി വെള്ളിയാഴ്ച സമാപിക്കും. ക്രോസ്-ട്രെയിനിംഗ്, ഉപകരണങ്ങളുടെ പ്രദർശനം, സാഹചര്യങ്ങളെ അടിസ്ഥാന മാക്കിയുള്ള പ്രായോഗിക പരിശീലനങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഏഴിമല നേവി സംഗീതപരിപാടി

എൺപതാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ പ്രത്യേക സംഗീത പരിപാടി നാളെ നടക്കും. കണ്ണൂരിലെ സെക്യൂറ സെന്റർ പരിസരത്ത് വൈകുന്നേരം 6 മണിക്കാണ് പരിപാടി. സ്വാതന്ത്ര്യത്തിന്റെ ആവേശവും രാജ്യസ്നേഹ ത്തിന്റെ അഭിമാനവും പകർന്നുനൽകുന്ന ദേശഭക്തിഗാനങ്ങളും സംഗീതാവിഷ്കാരങ്ങളും അരങ്ങേറും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യം.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## കണ്ണൂർ മാതൃകാ ടൗൺ (ഇൻട്രോ )

കണ്ണൂർ ജില്ലയിലെ പ്രധാന ടൗണുകളെ മാതൃകാ ടൗണുകളാക്കി മാറ്റുന്നതിനുള്ള  ബീക്കൺ ടൗൺ പദ്ധതിക്ക് തുടക്കമാകുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ജനകീയ കൂട്ടായ്മകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുക. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഫെൻസിംഗ്

നൈജീരിയയിലെ ലാഗോസിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേട്ടം തുടർന്ന് ഇന്ത്യ. സീനിയർ

പുരുഷ വിഭാഗത്തിൽ കരൺ സിങ്ങും ഷെർജിൻ ഷാന്തിമോലും ഇന്ത്യയ്ക്കായി സ്വർണ്ണം നേടിയപ്പോൾ തേജസ് പാട്ടീൽ വെങ്കല മെഡൽ സ്വന്തമാക്കി. തനിഷ്ക ഖത്രി സ്വർണവും ഖുഷി ദബാഡെ വെള്ളിയും നേടി.

## പ്രതിപക്ഷ നേതാവ് - മഴക്കെടുതി

സംസ്ഥാനത്ത് കാലവർഷക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പൂർണ സഹകരണമുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബത്തിലെ ഒരു അംഗത്തിന് സർക്കാർ ജോലി നൽകണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രക്ഷാപ്രവർത്തനത്തിനിടെ മരിച്ച ആർ രാജേഷിന്റെ ഭാര്യക്കും സർക്കാർ ജോലി നല്കണമെന്നും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ ഏറ്റെടുക്കണമെന്നും ശ്രീ പിണറായി വിജയൻ ആവശ്യപ്പെട്ടു.

## ടി. സിദ്ദിഖ്

മഴക്കെടുതി മൂലമുള്ള നാശ നഷ്ടങ്ങൾ വിലയിരുത്താൻ കൃഷി മന്ത്രി ടി. സിദ്ദിഖ് ഇന്ന് പത്തനംതിട്ട തിരുവല്ലയിൽ. കർഷകരും പാടശേഖര പ്രതിനിധികളുമായും അദ്ദേഹം ചർച്ച നടത്തും. നിരണം, കൊമ്പൻകേരി അരിയോടിച്ചാൽ പാടശേഖരം, പെരിങ്ങര, നെടുമ്പുറം തുടങ്ങിയ ഇടങ്ങൾ സന്ദർശിക്കും. ഉച്ചയ്ക്ക് ഒന്നിന് കളക്ടറേറ്റിൽ ചേരുന്ന അവലോകന യോഗത്തിലും മന്ത്രി പങ്കെടുക്കും.

## എൻ.കെ. പ്രേമചന്ദ്രൻ

കേന്ദ്ര സർക്കാരിന്റെ ഖനന നിയമ ഭേദഗതിക്കെതിരെ നടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോടും, വനം മന്ത്രിയോടും ആവശ്യപ്പെട്ട് എൻ.കെ. പ്രേമചന്ദ്രൻ എംപി. ഇതുസംബന്ധിച്ച ബിൽ സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്നതാണെന്നും അദ്ദേഹം ആരോപിച്ചു.

## ഓട്ടിസം സ്പെക്ട്രം സെമിനാർ

RNU TVPM

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെയും യൂണിസെഫിന്റേയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ദേശീയ സെമിനാർ മന്ത്രി കെ. മുരളിധരൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വി. മുരളീധരൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഓട്ടിസം ബാധിതരായ വ്യക്തികൾക്ക് ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പിന്തുണ ഉറപ്പാക്കുന്നതിനായി ചട്ടക്കൂട് രൂപപ്പെടുത്തുക യാണ് കോൺക്ലേവിന്റെ ലക്ഷ്യം.

RNU TVPM